പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5419 — 25.10.2011- ൽ മറുപടിക്ക്

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തിയായവയ്ക്ക് നൽകുന്നതിന് കാസർഗോഡ് ജില്ലയ്ക്ക് എത്ര തുക നൽകിയിട്ടുണ്ട്; | (എ) | 2011-12 വർഷത്തിൽ കാസർഗോഡ് ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തിയായവയ്ക്ക് നൽകുന്നതിന് 1,70,00,000/- രൂപ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര തുക ഇതുവരെ ചെലവാക്കിയിട്ടുണ്ട്; | (ബി) | ഇതിൽ ഇതു വരെ 56,00,000/- രൂപ ചെലവാക്കിയിട്ടുണ്ട്. |
| (സി) | പണി പൂർത്തിയാക്കിയ എത്ര പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്; | (സി) | പണി പൂർത്തിയാക്കിയ 35 ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | തുക നൽകാനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ? | (ഡി) | തുക അനുവദിക്കുന്നതിന് ആവശ്യമായ രേഖകൾ ബന്ധപ്പെട്ട ഇംപ്ളിമെന്റിംഗ് ഓഫീസർമാരിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ